**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4025** **03-03-2023 - ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി കാലത്ത് ചൈനയിൽ നിന്നും മടങ്ങി വന്ന 2016 ബാച്ച് എം.ബി.ബി.എസ്. വിദ്യാർത്ഥികളിൽ, കോഴ്സ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റ് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ സമർപ്പിച്ചവർ എത്ര പേരാണെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് മഹാമാരി കാലത്ത് ചൈനയിൽ നിന്നും മടങ്ങി വന്ന 2016 ബാച്ച് എംബിബിഎസ് വിദ്യാർത്ഥികളിൽ നിന്നും ആകെ 102 അപേക്ഷകൾ 2020-2023 കാലയളവിൽ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | അവർക്ക് സംസ്ഥാനത്ത് ഇന്റേൺഷിപ്പിനുള്ള അവസരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | വിദേശത്ത് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കുകയും തുടർന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ നേടുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 08.02.2023 ലെ G.O(Rt)No.305/2023/H&FWD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ